പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1514 | 05-02-2019-ലെ മറുപടിയ്ക്ക്

**പെരിന്തൽമണ്ണയിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എല്ലാ കർഷകർക്കും നാളിതുവരെയായിട്ടും മുഴുവൻ ധനസഹായവും വിതരണം ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച 2049 കർഷകർക്കായി എസ്.ഡി.ആർ.എഫ് ഫണ്ടിൽനിന്നും 55.24 ലക്ഷം രൂപയും 1323 കർഷകർക്ക് സംസ്ഥാന വിഹിതമായി 2.0317 കോടി രൂപയും വിള ഇൻഷ്വറൻസ് ഇനത്തിൽ 29 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |
| (ബി) | ഇനി എത്ര കർഷകർക്ക്, ആകെ എത്ര രൂപയുടെ ധനസഹായമാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 400 കർഷകർക്ക് 85,30,171/- രൂപ കൂടി വിതരണം ചെയ്യാനുണ്ട്. ഫണ്ട് ലഭ്യമാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ഉത്പാദനക്കുറവ് സംഭവിച്ചതും നാശനഷ്ടമുണ്ടായതുമായ കാർഷിക വിളകൾ മാറ്റി കൃഷിയിറക്കുന്നതിന് പുതിയ വിത്തിനങ്ങളും തൈകളും വിതരണം ചെയ്തിട്ടുണ്ടോ; എല്ലാ കർഷകർക്കും വീണ്ടും കൃഷിയിറക്കുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുമോ ? | (സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പച്ചക്കറി വികസന പദ്ധതി പ്രകാരം 46000 തൈകൾ വിതരണം ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ 300 ഹെക്ടർ വാഴകൃഷി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചതിൽ 60 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പുലാമന്തോൾ പഞ്ചായത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ വിള ഇറക്കുന്നതിനായി നെൽ വിത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**